# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

ജിവിഎച്ച്എസ്എസ് തട്ടക്കുഴ

## സ്കൂൾവിവരങ്ങൾ

1.റവന്യൂജില്ല : ഇടുക്കി

2.സ്കൂൾ കോഡ് : 29007

3 സ്കൂളിൻറെ പേര് : ജി വി എച്ച് എസ് എസ് തട്ടക്കുഴ

4 മേൽവിലാസം : തട്ടക്കുഴ പി ഓ ,ഇടുക്കി ജില്ല

5 പിൻകോഡ് : 685581

6 ഇമെയിൽ ഐഡി : 29007gvhss @ gmail.com

7 ഗ്രാമപഞ്ചായത്ത് : ഉടുമ്പന്നൂർ

8 ബ്ലോക്ക് : ഇളംദേശം

9 വിദ്യാഭ്യാസ ജില്ല :തൊടുപുഴ

10 സബ് ജില്ല : തൊടുപുഴ

11 ക്ലാസുകൾ :പ്രൈമറി മുതൽ 12 വരെ

12 മാനേജ്മെൻറ് :ഗവൺമെൻറ്

13 പഠനമാധ്യമം :മലയാളം

ഇടുക്കി ജില്ലയിലെ തൊടുപുഴ വിദ്യാഭ്യാസ ജില്ലയിൽ തൊടുപുഴ ഉപജില്ലയിലെ തട്ടക്കുഴയിലുള്ള സർക്കാർ വിദ്യാലയം ആണ് ജി വി എച്ച് എസ് എസ് തട്ടക്കുഴ.

1946 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത് .1955 ൽ യു പി സ്കൂളായും 1964 ൽ ഹൈസ്കൂളായും 1984 ൽ വിഎച്ച്എസ്സിയുമായി ഉയർത്തപ്പെട്ടു.ഇടുക്കി ജില്ലയിലെ മലയോര ഗ്രാമമായ തട്ടക്കുഴയുടെ ഹൃദയഭാഗത്ത് ഇവിടത്തെ സാധാരണക്കാരുടെ മക്കൾക്ക് അക്ഷരദീപം തെളിയിച്ചുകൊണ്ട് ജി വി എച്ച് എസ് എസ് തട്ടക്കുഴ ഈ ഗ്രാമത്തിന്റെ വിദ്യാകേന്ദ്രമായി നിലകൊള്ളുന്നു. ഏകദേശം 70 വർഷങ്ങൾക്കു മുൻപാണ് ഈ സ്കൂളിൻറെ ചരിത്രം ആരംഭിക്കുന്നത് തിരുവല്ല സിഎംസിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ നിലവാരം കുറഞ്ഞ ഈ പ്രദേശത്ത് ഒരു സ്കൂൾ തുടങ്ങാൻ തീരുമാനിച്ചു. സ്കൂൾ തുടങ്ങാൻ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തത് മരക്കൊമ്പിൽ (കുരുവേലിൽ) പാവു മാപ്പിള ആയിരുന്നു.ശ്രീ മാമ്മൻ സാർ ആയിരുന്നു പ്രഥമാ ധ്യാപകൻ .1946 ൽ ഗവൺമെൻറ് അംഗീകാരം ലഭിച്ചു. 1953 ൽ യുപി സ്കൂളായും

1964 ൽ ഹൈസ്കൂളായും ഉയർത്തി .1967 ആദ്യ ബാച്ച് പത്താം ക്ലാസ് പരീക്ഷ എഴുതി .പിന്നീട് തൊടുപുഴ ഡി ഇ ഒ യും സ്കൂൾ ഹെഡ്മാസ്റ്ററും ആയിരുന്ന ശ്രീ എൻ പി ജോൺ സാറിൻറെ ശ്രമഫലമായി 1984 ൽ വൊക്കേഷണൽ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടു. ശ്രീ കെ ആർ ദാമോദരൻ നായർ,നാരായണൻ നായർ, ആട്ടുപാറ പീലി മാപ്പിള ,കല്ലറയ്ക്കൽ തോമസ് ,എം വിക്രമൻ നായർ, പപ്പുണ്ണി പിള്ള, ഇലഞ്ഞിക്കൽ പീതാംബരൻ, എരപ്പുഴിക്കര ചാണ്ടി തുടങ്ങിയ നേതൃത്വപാടവമുള്ള സേവന തല്പരരുടെ കൂട്ടായ്മയും ത്യാഗവും ഈ സ്കൂളിൻറെ അഭിവൃദ്ധിക്കും ഉയർച്ചയ്ക്കും കാരണമായി.

ഭൗതിക സൗകര്യങ്ങൾ

രണ്ടേക്കർ ഭൂമിയിലാണ് ഈ കെട്ടിടം സ്ഥിതി ചെയ്യുന്നത് . എൽപി സ്കൂളിന് 4 ക്ലാസ്സ്മുറികളും യു പി ക്ക് 3 ക്ലാസ് മുറികളും ഹൈസ്കൂളിന് 6 ക്ലാസ് മുറികളും വിഎച്ച്എസ്ഇക്ക് 7 ക്ലാസ് മുറികളും ഉണ്ട്. വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട് . ഹയർസെക്കൻഡറിയിലും ഹൈസ്കൂളിലും വെവ്വേറെ കമ്പ്യൂട്ടർ ലാബുകൾ ഉണ്ട് .രണ്ട് ലാബുകളിലുമായി ഏകദേശം 20 ഓളം കമ്പ്യൂട്ടറുകളുണ്ട്. അതിൽ ഒരു ലാബിൽ ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് സൗകര്യം ലഭ്യമാണ്.

തട്ടക്കുഴ സ്കൂൾ ഇപ്പോൾ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എൽ പി,യു പി ,ഓഫീസ് എന്നിവ വിശാലമായ ഇരുനില കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഹൈസ്കൂൾ ക്ലാസുകളും, സ്റ്റാഫ് റൂമും ,കമ്പ്യൂട്ടറിൽ ലാബും ,സയൻസ് ലാബും മറ്റൊരു ബ്ലോക്കിലുംപ്രവർത്തിച്ചുവരുന്നു.പ്രീപ്രൈമറിക്കായിപുതിയകെട്ടിടമുണ്ട്.അക്കാദമിക കാര്യത്തിൽ മികച്ച നിലവാരം പുലർത്തുന്നു. 12 വർഷമായി തുടർച്ചയായി 100% വിജയം നേടിക്കൊണ്ടിരിക്കുന്ന ഉടുമ്പന്നൂർ പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളാണിത് .2021 - 22 അധ്യായന വർഷം 1 എ പ്ലസ് ,22 -23 അധ്യയന വർഷം 5 എ പ്ലസ് ,23 -24 അധ്യയന വർഷം രണ്ട് എ പ്ലസ് എന്നിവ നേടുകയുണ്ടായി 2024 25 വർഷം 100% വിജയവും രണ്ട് 9 എ പ്ലസും ലഭിച്ചു. ജെ ആർ സി , ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളും വിദ്യാരംഗം കലാസാഹിത്യ വേദി ,വിവിധ ക്ലബ്ബുകൾ എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. പ്രിൻസിപ്പാൾ മഹിമ എംജിയുടെയും എച്ച് എം രാധികാ പി ബിയുടെയും നേതൃത്വത്തിൽ 40 ഓളം അധ്യാപകരും അനധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. പിടിഎ പ്രസിഡൻറ് അജിമോൻ, എം പി ടി എ പ്രസിഡൻറ് ജയചിത്ര സുനിൽ, എസ്എംസി ചെയർമാൻ പഞ്ചായത്ത് പ്രസിഡൻറ്

കൂടിയായ എം ലതീഷ് എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിൻറെ ചുമതലകൾ ഭംഗിയായി നിർവഹിക്കുന്നു

അക്കാദമിക മികവിനായി ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ

1 ഭാഷാശേഷി വികസനം

2 ഗണിതശേഷി വികസനം

3 ഇംഗ്ലീഷ് പഠനം അനായാസമാക്കൽ

4 വായനാ ശേഷി വർദ്ധിപ്പിക്കൽ

5 ലബോറട്ടറി നവീകരണം

6 ലൈബ്രറി ശാക്തീകരണം

7 സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

8 പഠന യാത്രകൾ

9 ദിനാചരണങ്ങൾ

10 പ്രവർത്തിപരിചയ പരിശീലനം

11 എസ് ആർ ജിസ്കൂൾ തലം

12 ഐടി പഠനം കാര്യക്ഷമമാക്കൽ

13 ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

14 ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയമേളകൾ

## ക്ലാസ്സ് 1

### വാർഷിക ലക്ഷ്യങ്ങൾ

1 ചെറു സദസ്സിന് മുമ്പാകെ സങ്കോചമില്ലാതെ തൻറെ അനുഭവങ്ങൾ ആശയങ്ങൾ തനിക്കറിയാവുന്ന പാട്ടുകൾ കഥകൾ എന്നിവ വാചിതമായി പങ്കിടുന്നതിന് കഴിവ് നേടുക, ഓരോ കുട്ടിയും ലഘു ബാലസാഹിത്യകൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക

2 ഓരോ കുട്ടിയും സദസ്സിന് മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക

3 വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും പങ്കിടാനുള്ള കഴിവ് നേടുക

4 ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി ,വിവരണം ,സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി കഴിവ് നേടുക

**5 ഓരോ കുട്ടിയും സർഗാത്മക രചനകൾ നടത്താനുള്ള കഴിവ് നേടുക .രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക**

**6 ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക .**

**ജൂൺ മാസത്തെ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ**

- **പൂർണ്ണപങ്കാളിത്ത ക്ലാസ് പിടിഎ**
- **മുന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)**
- **വായനോത്സവവും കഥാ വേളയും .**
- **വായന കാർഡുകൾ**

**വിഷയം :ഭാഷ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1 ഭാഷാകളരി പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ<br>സ്കൂൾ വികസന സമിതി | എസ് എം സി |
| | 2 അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു | ജൂലൈ -ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>മദർ പി ടി എ | എം പി ടി എ |
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | കവികളെ കുറിച്ച് ഡോക്യുമെൻററി പുസ്തക ശേഖരണം | മാസത്തിലൊരിക്കൽ പ്രദർശനം<br>ജൂൺ -ഡിസംബർ | മദർ പി ടി എ | |
| വായനാ പരിപോഷണം | ലൈബ്രറി സന്ദർശനം | നവംബർ | വായനശാല<br>എസ് ആർ ജി | എസ് എം സി |

## Subject :English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരിക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ 1 | എസ് ആർ ജി ക്ലാസ് ടീച്ചർ | എസ്എസ് എ |

## വിഷയം :പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുക | ഭക്ഷ്യമേള – പ്രദർശനം നാടൻവിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകം ,രുചി അറിവ് | ജൂലൈ -ആഗസ്റ്റ് | ക്ലാസ് ടീച്ചർ എം പിടിഎ | **എസ് എം സി** |
| പ്രകൃതിയെ അറിയുക ആസ്വദിക്കുക | പ്രകൃതി നടത്തം പുഷ്പ ഉദ്യാനം ഔഷധത്തോട്ടം ചുറ്റുവട്ടം നിരീക്ഷണം | ഡിസംബർ -ജനുവരി | എസ് ആർ ജി ക്ലാസ് ടീച്ചർ | **എസ് എം സി** |

## വിഷയം:ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ ഗണിത മാഗസിൻ<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | മാസത്തിൽ ഒന്ന് വീതം ജൂൺ -മാർച്ച്<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ | എസ് എസ് കെ<br>എസ് എം സി |

## CLASS 2

മലയാള മധുരം

അവധിക്കാലത്ത് കുട്ടികളുടെ വായന തുടർച്ച ഉറപ്പുവരുത്തുന്നതിന് വേണ്ടി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം .

പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരം ഒരുക്കുന്നു .

കുഞ്ഞു ചിത്രങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു

പ്രവർത്തന ഘട്ടങ്ങൾ

എസ് ആർ ജി യിൽ ചർച്ച ചെയ്യൽ

തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

സ്വതന്ത്ര രചനയിൽ ഏർപ്പെടൽ

വിലയിരുത്തൽ

മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായ ആസൂത്രണം ചെയ്തിട്ടുണ്ട്

രക്ഷിതാവിൻറെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്

സ്വതന്ത്ര രചനയിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്ച

ചുമതല

ക്ലാസ് ടീച്ചർ

പിടിഎ

എച്ച് എം

സാമ്പത്തികം

എസ് എസ് കെ

പാട്ടരങ്ങ്

പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും താളത്തിലും ഒറ്റയ്ക്കും സംഘമായി അവതരിപ്പിക്കാൻ കുട്ടിക്ക് കഴിയേണ്ടതുണ്ട് .ഇതിനായി രണ്ടാം ക്ലാസ് നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്.

പ്രവർത്തന ലക്ഷ്യങ്ങൾ

പാഠഭാഗത്തിലുള്ളതോ സമാന കവിതകളോ താളം ,ഈണം എന്നിവ മനസ്സിലാക്കി അവതരിപ്പിക്കുന്നു .ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു .

പ്രവർത്തന ഘട്ടങ്ങൾ

എസ് ആർ ജി യിൽ ചർച്ച

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ ക്ലാസ് പി ടി എയിൽ അവതരിപ്പിക്കുന്നു. വിലയിരുത്തൽ

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട് .സി പി ടി എ യുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്

പാട്ട് മികവുകൾ സ്റ്റേജിൽ അവതരിപ്പിച്ചിട്ടുണ്ട്

ചുമതല

രക്ഷിതാക്കൾ ടീച്ചർ

സാമ്പത്തികം

എസ് എസ് കെ

## സംയുക്ത ഡയറി

കുട്ടികളുടെ ദൈനംദിന അനുഭവങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ ആത്മാംശം ഉൾക്കൊണ്ടുകൊണ്ട് എഴുതുന്നതാണ് സംയുക്ത ഡയറി. ഈ എഴുത്തിലൂടെ ഭാഷയുടെ അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ എഴുത്തിലൂടെയും വരയിലൂടെ യും സ്വതന്ത്ര രചയിതാക്കൾ ആക്കാൻ സംയുക്ത ഡയറി ഉപകരിക്കും

പ്രവർത്തന ലക്ഷ്യങ്ങൾ

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു .

സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു .

ഭാഷാശേഷി വികസിപ്പിക്കുന്നതിന് സഹായിക്കുന്നു

ജൂലൈ മുതൽ ആരംഭിക്കുന്നു

ക്ലാസ് പിടിഎയിൽ അവതരിപ്പിക്കുന്നു

ടീച്ചർ ഡയറി വിലയിരുത്തുന്നു

മികച്ചത് കണ്ടെത്തി പുസ്തക രൂപത്തിൽ ആക്കുന്നു

വിലയിരുത്തൽ

എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പാക്കുന്നു.

കുട്ടികളുടെ രചനകൾ രക്ഷിതാക്കളുമായി പങ്കിടുന്നു .

എല്ലാ കുട്ടികളുടെയും രചനകൾ പുസ്തകരൂപത്തിൽ തയ്യാറാക്കുന്നു.

ചുമതല

രക്ഷിതാക്കൾ

ടീച്ചർ

സാമ്പത്തികം

എസ് എസ് കെ

## സചിത്ര പുസ്തകം

അധ്യയനവർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പുസ്തകം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഈ പ്രവർത്തനം കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നു. .

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും എല്ലാ കുട്ടികൾക്കും സചിത്ര ബുക്ക് ലഭ്യമാക്കുന്നു.

കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു .

പ്രവർത്തനഘട്ടങ്ങൾ

വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

ചരിത്രപാഠങ്ങൾ പരിചയപ്പെടുന്നതിന് രക്ഷിതാക്കൾക്ക് വേണ്ടി ശില്പശാല സംഘടിപ്പിക്കുന്നു.

ക്ലാസ് പിടിഎ യിൽ കുട്ടികൾ തയ്യാറാക്കിയ സചിത്ര പുസ്തകം അവതരിപ്പിക്കുന്നു വിലയിരുത്തുന്നു.

ഭാഷ ഉത്സവത്തിൽ അവതരിപ്പിക്കുന്നു .

വിലയിരുത്തൽ

എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്ക് എന്നിവ ഉറപ്പുവരുത്തുന്നു .എല്ലാ കുട്ടികളും പങ്കാളികളാകുന്നു .രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു .ക്ലാസ് പിടിഎയിൽ അവതരിപ്പിക്കുന്നു

ചുമതല

രക്ഷിതാക്കൾ

ടീച്ചർ

സാമ്പത്തികം

എസ് എസ് കെ

## റീഡേഴ്സ് തിയേറ്റർ

രണ്ടാം ക്ലാസിൽ എത്തുന്ന എല്ലാ കുട്ടികൾക്കും ലഘു വിവരണങ്ങൾ ,കഥകൾ ,കുട്ടിക്കവിതകൾ, സംഭാഷണങ്ങൾ തുടങ്ങിയവ ആശയമുൾക്കൊണ്ട് ഭാവാത്മകമായി വായിക്കാൻ കഴിഞ്ഞിരിക്കണം .തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനയ്ക്കുംശ്രവ്യ വായനയ്ക്കും ഏറെ സാധ്യതയുള്ള സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും ഈ പ്രവർത്തനത്തിൽ പങ്കാളികൾ ആകുന്നു .എല്ലാ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു .പാഠഭാഗത്തുള്ള സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിൻെറ ഭാഗമാക്കുന്നു

പ്രവർത്തന ഘട്ടങ്ങൾ

എസ്ആർജിയിൽ ചർച്ച

ക്ലാസ് പി ടി എ യിൽ ആശയം പങ്കിടലും പിന്തുണ ഉറപ്പാക്കലും

എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു

മികച്ച പ്രവർത്തനങ്ങൾ അവതരണം, വിലയിരുത്തൽ

റീഡേഴ്സ് തിയേറ്ററിനെ കുറിച്ച് ക്ലാസ് പിടിഎ ,എസ് ആർ ജി അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്

കുട്ടികൾക്ക് റീഡേഴ്സ് തിയറ്റർ അവതരിപ്പിക്കുന്ന അവസരം ഒരുക്കുന്നു .

മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു .

ചുമതല

**രക്ഷിതാക്കൾ**

**ടീച്ചർ**

**സാമ്പത്തികം**

**എസ് എസ് കെ**

**ഗണിതം**

**ലക്ഷ്യപ്രസ്താവനകൾ**

**ഗണിത ചിന്താശേഷി വളർത്തൽ**

**ഗണിതം ആസ്വദിക്കുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക**

**ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ ഗണിതശേഷിക്കൾ വളർത്തുക**

**പ്രവർത്തന ഘട്ടങ്ങൾ**

**ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക**

**പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണംചെയ്തു നടപ്പിലാക്കുക**

**വിലയിരുത്തൽ**

**കണക്കിലെ കളികൾ ,കഥ ,പാട്ട് ,പഠനോപകരണം നിർമ്മാണം**

**ഐസിടി സാധ്യതയും ഗണിത പഠനമായി ബന്ധിപ്പിക്കൽ**

**ഗണിതത്തിന്റെ നാട്ടറിവുകൾ പരിചയപ്പെടുക**

**ഒരു ദിനം ഒരു ചോദ്യം**

**കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ**

**ഗണിത ലാബ്/ഗണിതം കളികളിലൂടെ**

**ചുമതല**

**രക്ഷിതാക്കൾ**

**ടീച്ചർ**

**സാമ്പത്തികം**

**എസ് എസ് കെ**

# CLASS 3

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ്<br>ക്ലാസ്സ് ലൈബ്രറി വികസനം<br>അമ്മ വായന<br>വായന കുറിപ്പുകൾ<br>അവതരണം (സി പി ടി എ )<br>വായന കളരി | | |

| | | | |
|---|---|---|---|
| ലേഖനത്തിനുള്ള കഴിവുകൾ വികസിപ്പിക്കൽ<br><br>സർഗാത്മക പ്രകടനങ്ങൾ മെച്ചപ്പെടുത്തൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ നിർമ്മാണം<br>ജൂൺ 19 വായനാദിനം<br>ജൂലൈ -ആഗസ്റ്റ് 6, 9<br>ഓഗസ്റ്റ് 15<br>സെപ്റ്റംബർ 5<br>ഒക്ടോബർ 2 ഒക്ടോബർ 10<br>നവംബർ 1, 14<br><br>പാഠഭാഗങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള സർഗാത്മക പ്രവർത്തനങ്ങൾ | ഒരു വർഷം | ക്ലാസ് ടീച്ചർ<br>പി ടി എ<br>എസ് ആർ ജി |

# EVS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| നമ്മൾ ജീവിക്കുന്ന പരിസരത്തെ ആഴത്തിൽ നിരീക്ഷിക്കുകയും ജീവികളും വസ്തുക്കളും തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുകയും ചെയ്യുന്ന | പ്രകൃതി നടത്തം ,മണ്ണ് ജലം വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്റർ നിർമ്മിക്കുക, വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച ഹരിത സേനയ്ക്ക് കൈമാറുക | ജൂൺ<br>ജൂലൈ<br><br>ഓഗസ്റ്റ്<br>സെപ്തംബർ | ക്ലാസ് ടീച്ചർ ഹരിത കർമ്മ സേന |
| വ്യക്തി ശുചിത്വം | കൈകഴുകൽ,ശുചിത്വ സന്ദേശങ്ങൾ ,പോസ്റ്റർ | സെപ്തംബർ ഒക്ടോബർ | പിടിഎ<br>അധ്യാപകൻ |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ ശാസ്ത്രപഠനവുമായി | നവംബർ<br>ജനുവരി | ക്ലാസ്<br>അധ്യാപകൻ |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ വിസ്മയ ചുമരിൽ പ്രദർശിപ്പിക്കൽ | | |
| ഭൂപട ഒരുക്കം | കേരളത്തിൻറെ ഭൂപടം വായന സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | അധ്യാപകൻ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചതുരം വൃത്തം ത്രികോണം എന്ന രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് ഈർക്കിലുകൾ, കമ്പുകൾ,വള എന്നിവ ഉപയോഗിച്ച് ചതുരം ,ത്രികോണം, വൃത്തം നിർമ്മിക്കുന്നു | ജൂൺ- ജൂലൈ | സി പി ടി എ<br>ക്ലാസ് ടീച്ചർ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യ പാറ്റേണുകൾ, നാണയങ്ങൾ, കളിനോട്ടുകൾ ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ഓഗസ്റ്റ് -സെപ്റ്റംബർ | ക്ലാസ് ടീച്ചർ |
| ചതുഷ്ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | മനക്കണക്കുകൾ നിത്യജീവിതവുമായിബന്ധപ്പെട്ടപ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ ഡിസംബർ | ക്ലാസ് ടീച്ചർ |

## ENGLISH

| Aim | Activities | Duration |
|---|---|---|
| To study right and read simple words | Circle the word from TB and read it<br>English assembly<br>English Theater<br>English corner | Every day<br>twice in a week<br>once in a month<br>one year |

## CLASS 4

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ളാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | ഇംഗ്ലീഷ് ഭാഷാ പഠനം | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ 3 ദിവസം(വർഷം മുഴുവൻ) | ക്ളാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് തീയേറ്റർ സർഗാത്മകതാപരിപോഷണം | ഇംഗ്ലീഷ് ഭാഷാപഠനം ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യവഹാര രൂപങ്ങൾ ആക്കി സ്കിറ്റ് ഡ്രാമ കോൺഗ്രസ് സ്റ്റോറിടെല്ലിങ് | മാസത്തിലൊന്ന് | ക്ളാസ്സ് ടീച്ചർ | എസ് എം സി |
| ഇംഗ്ലീഷ് മാഗസിൻ | | | ക്ളാസ്സ് ടീച്ചർ | |
| സർഗാത്മകത രചനശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | 3 മാസത്തിലൊരിക്കൽ | ക്ളാസ്സ് ടീച്ചർ | എസ് എം സി |
| ഇംഗ്ലീഷ് കയ്യെഴുത്ത് ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് ഇംഗ്ലീഷ് കോർണർ | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ളാസ്സ് ടീച്ചർ | പി ടി എ |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച വായനാമൂല ഒരുക്കൽ വായനാക്കുറിപ്പ് പുസ്തകം | രണ്ടാഴ്ചയിൽ ഒന്ന് | ക്ളാസ്സ് ടീച്ചർ | രക്ഷിതാക്കൾ |

# U P
# ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു ഭാവാത്മക വായന പരിശീലിപ്പിക്കുന്നു<br><br>ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Lend your ear<br>ലളിതവും രസകരവും ആയി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു<br><br>Follow me if you can<br>ഇംഗ്ലീഷിൽ നിൽക്കുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു<br><br>Breaking news<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രമിക്കുവാൻ അവസരം ഒരുക്കുന്നു<br><br>I too can<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | ജൂൺ<br><br>ജൂലൈ<br><br>ഒക്ടോബർ<br>നവംബർ | ഇംഗ്ലീഷ് അധ്യാപകർ<br><br>ഇംഗ്ലീഷ് അധ്യാപകർ |
| | Reader of the month.ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി റീഡർ ഓഫ് ദി മന്തിനെആദരിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My droplets<br>Class magazine ,mini dictionary എന്നിവ തയ്യാറാക്കുന്നു<br><br>Run baby run<br>ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്നുചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവുമധികം തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾഎല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ് മുത്തുകൾ എന്നിവ | ജൂൺ മാസം | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലാസിലെ അംഗങ്ങളും | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരും മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്ന നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കും | ആവശ്യാനുസരണം | | എസ് ആർ ജി |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക<br>പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | എൻറെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ ,കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു<br>വാർത്താ ലോകത്തേക്ക് പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>വാർത്ത വായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് സ്ഥലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് മത്സരം നടത്തുന്നു | ജൂൺ മാസം<br>എല്ലാദിവസവും<br>വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ<br>മലയാളം ക്ലബ്ബ് |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ<br>സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുന്നു | രംഗ ആവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻപ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം<br>വർഷാവസാനം | മലയാളം അധ്യാപകർ |

# English

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| അക്ഷരങ്ങളും വാക്കുകളും പഠിപ്പിക്കുന്നു | അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മിക്കുന്നു | എല്ലാ ദിവസവും<br>അധ്യാപകർ |
| കഥയിലൂടെ ഭാഷാ പഠനം എളുപ്പമാക്കുന്നു | പാഠപുസ്തകം വായിക്കുക കഥകൾ വായിക്കുക അക്ഷരങ്ങൾ കോപ്പി ബുക്കിൽ എഴുതിപ്പിക്കുക | എല്ലാ ദിവസവും<br>അധ്യാപകർ |

| | | |
|---|---|---|
| ഭാഷ എളുപ്പമാക്കുന്നു | പുസ്തകത്തിലെ കഥകൾ വായിക്കുന്നു<br>അർത്ഥം കണ്ടെത്തുന്ന സംഭാഷണം,<br>എഴുത്ത് ,പോസ്റ്റർ എന്നിവ തയ്യാറാക്കുന്നു | എല്ലാ ദിവസവും<br>അധ്യാപകർ |
| ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക | ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ ഒരുതവണ |
| ഇംഗ്ലീഷിൽ അനായാസം സംസാരിക്കാൻ കഴിയുക | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ കുട്ടികളും അധ്യാപകരും ഇംഗ്ലീഷിൽ സംസാരിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം |

# BASIC SCIENCE

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഒറ്റയല്ലൊരു ജീവിയും വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, പുഴയെ അറിയാൻ, യാത്രകൾ, ആവാസ വ്യവസ്ഥയുടെ സംരക്ഷണം | ജൂൺ | അധ്യാപകൻ സയൻസ് ക്ലബ്ബ് | പിടിഎ |
| പകർച്ചവ്യാധികൾ വ്യാപിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും ഇവയ്ക്കെതിരെ നമുക്ക് ചെയ്യാൻ കഴിയുന്ന മുൻകരുതലുകളെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക | വ്യാധികൾ പടരാതിരിക്കാൻ ആരോഗ്യപ്രവർത്തകരുമ ായി അഭിമുഖം, ബോധവൽക്കരണ ക്ലാസ്, പത്രവാർത്തകൾ ഉൾപ്പെടുത്തി കൊളാഷ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം, ഡ്രൈഡേ ആചരണം, വാക്സിനേഷൻ ചാർട്ട് തയ്യാറാക്കൽ | ജൂൺ ജൂലൈ | ഹെൽത്ത് ക്ലബ്ബ് ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് | സയൻസ് ക്ലബ്ബ് |
| ശുദ്ധജല സ്രോതസ്സുകളെ കുറിച്ച് മനസ്സിലാക്കുക അവ സംരക്ഷിക്കപ്പെടേണ്ടതി ന്റെ പ്രാധാന്യം തിരിച്ചറിയുക | ജലം നിത്യ ജീവിതത്തിൽ പ്രൊജക്റ്റ് തയ്യാറാക്കൽ ജലത്തിൻറെ പ്രാധാന്യം സെമിനാർ റിപ്പോർട്ട് ജലനിരപ്പ് പരീക്ഷണ കളരി | ആഗസ്റ്റ്<br><br>ആഗസ്റ്റ് | അധ്യാപകർ ഹെൽത്ത് ക്ലബ്ബ് ഊർജ്ജ ക്ലബ്ബ് | പിടിഎ |

# STD 6
# BS

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|

| | | | |
|---|---|---|---|
| ആഹാര വസ്തുക്കളിലെ പോഷക ഘടകങ്ങൾ തിരിച്ചറിയുന്നതിന് | പരീക്ഷണ കളരി ഭക്ഷ്യവസ്തുക്കളിലെ കാർബോഹൈഡ്രേറ്റ് കൊഴുപ്പ് എന്നിവ തിരിച്ചറിയുന്നതിനുള്ള പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ജൂൺ | അധ്യാപിക |
| ആഹാരത്തിലെ പോഷക ഘടകങ്ങളുടെ അളവ് മനസ്സിലാക്കുന്നതിന് | എൻറെ ഫുഡ് പ്ലേറ്റ് (വ്യക്തിഗതം ) പോഷക ഘടകങ്ങളിൽ ഒരു ഘടകവും ഒഴിവാക്കാനാവില്ല എന്ന് നാം മനസ്സിലാക്കി അതിൻറെ അടിസ്ഥാനത്തിൽ നാം കഴിക്കുന്ന ഭക്ഷ്യവസ്തുക്കളെ കാർബോഹൈഡ്രേറ്റ് പ്രോട്ടീൻ വിറ്റാമിൻ ധാതുക്കൾ കൊഴുപ്പ് എന്ന അടിസ്ഥാനത്തിൽ തരംതിരിച്ച് എൻറെ ഫുഡ് പ്ലേറ്റ് തയ്യാറാക്കുന്നു | ജൂൺഎല്ലാ കുട്ടികളെയും ഉൾപ്പെടുത്തി കായിക പ്രജനന രീതികൾ പരിശോധിക്കുന്നു ഇതിനെക്കുറിച്ചുള്ള വീഡിയോ പ്രദർശനം നടത്തുന്നു ലാബ് സേഫ്റ്റിയെ കുറിച്ചുള്ള അവയർനസ് ക്ലാസ് കുട്ടികൾതന്നെ എടുക്കുന്നു ശാസ്ത്ര കിട്ടുക തയ്യാറാക്കുന്നു പരീക്ഷണ കളരി ശാസ്ത്ര കിറ്റ് ഉപയോഗിച്ച് നടത്തുന്നു വയറുകൾ ബാറ്ററി എൽഇഡി ബൾബ് മുതലായ ഇലക്ട്രോണിക് വസ്തുക്കൾ ശാസ്ത്ര കിറ്റിൽ ഉൾപ്പെടുത്തുന്നു അത് ഉപയോഗിച്ച് വിവിധ പരീക്ഷണങ്ങൾ നടത്തുന്നു | അധ്യാപിക |
| കാന്തത്തിന്റെ വിവിധ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | പരീക്ഷണങ്ങളിലൂടെ കാന്തം ആകർഷിക്കുന്നവ അല്ലാത്ത കാന്ത ശക്തി ധ്രുവങ്ങളിൽ കാന്തിക മണ്ഡലം ,തൂക്കിയിട്ട കാന്തം തെക്കുവടക്ക് ദിശയിൽ നിൽക്കുന്നത് ആകർഷണ വികർഷണങ്ങൾ വൈദ്യുതകാന്ത നിർമ്മാണം തുടങ്ങി കാന്തവുമായി ബന്ധപ്പെട്ട വിവിധ പരീക്ഷണങ്ങളിലൂടെ കുട്ടികൾ കടന്നുപോകുന്നു | ജൂലൈ | അധ്യാപിക |
| മനുഷ്യ ശരീരത്തിലെ വിവിധ അസ്ഥികൾ പരിചയപ്പെടൽ | ലാബിന്റെ സഹായത്തോടെ അസ്ഥികൂടത്തിന്റെ ഭാഗങ്ങൾ അടുത്ത് പരിചയപ്പെടുന്നു | ആഗസ്റ്റ് | അധ്യാപിക |
| ഗ്രാഫ്റ്റിംഗ് ,ലയറിങ് ,ബഡ്ഡിങ് തുടങ്ങിയ കായിക പ്രജനന രീതികൾ പരിശീലിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഭക്ഷ്യവസ്തുക്കളിലെ | എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി കായിക പ്രജനന രീതികൾ പരിശോധിക്കുന്നു ഇതിനെക്കുറിച്ചുള്ള വീഡിയോ പ്രദർശനം നടത്തുന്നു ലാബ് സേഫ്റ്റിയെ കുറിച്ചുള്ള | ജൂൺ | |

| | | | |
|---|---|---|---|
| ആസിഡുകൾ ലാബിലെ ആസിഡുകൾ ലാബ് സേഫ്റ്റി എന്നിവയെ കുറിച്ച് ധാരണ നേടുന്നതിന് വിവിധ വസ്തുക്കൾ ഉപയോഗിച്ച് സർക്കീട്ട് പൂർത്തിയാക്കുന്ന പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങളിലൂടെ വസ്തുക്കളെ ചാലകങ്ങൾ ഇൻസുലേറ്ററുകൾ എന്നിങ്ങനെ തരംതിരിക്കുന്നതിന് | അവയർനസ് ക്ലാസ് കുട്ടികൾതന്നെ എടുക്കുന്നു ശാസ്ത്ര കിററ്റ തയ്യാറാക്കുന്നു പരീക്ഷണ കളരി ശാസ്ത്ര കിറ്റ് ഉപയോഗിച്ച് നടത്തുന്നു വയറുകൾ ബാറ്ററി എൽഇഡി ബൾബ് മുതലായ ഇലക്ട്രോണിക് വസ്തുക്കൾ ശാസ്ത്ര കിറ്റിൽ ഉൾപ്പെടുത്തുന്നു അത് ഉപയോഗിച്ച് വിവിധ പരീക്ഷണങ്ങൾ നടത്തുന്നു | ജൂലൈ | |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം,ചുമതല |
|---|---|---|
| സാമൂഹ്യശാസ്ത്ര ലാബ് സാമൂഹ്യശാസ്ത്ര പഠനം സൗകര്യപ്രദമായ രീതിയിൽ ആക്കുക | വിദ്യാലയത്തിലെ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ബുള്ളറ്റിൻ ബോർഡ് സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യുന്നു | ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു.ദിനാചരണങ്ങളോടനുബന്ധിച്ചുള്ള വാർത്തകൾ , ചിത്രങ്ങൾ ചോദ്യങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു | എല്ലാദിവസവും സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ദിനാചരണങ്ങൾ പ്രധാന ദിവസങ്ങൾ വ്യക്തികൾ എന്നിവയെക്കുറിച്ച് അറിയുക | അസംബ്ലി ,ക്വിസ് ,പോസ്റ്റർ രചന, പതിപ്പ് എന്നിവ നിർമ്മിക്കുന്നു | അതാത് ദിവസങ്ങളിൽ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| മാപ്പ് റീഡിങ് മാപ്പിൽ ഇന്ത്യ സംസ്ഥാനങ്ങൾ കേരളം ജില്ലകൾ ഭൂഖണ്ഡങ്ങൾ രാജ്യങ്ങൾ തലസ്ഥാനങ്ങൾ ഇവ കണ്ടെത്തൽ | ഗ്ലോബ് ,ഭൂപടം ഉപയോഗിച്ച് രാജ്യം , ഭൂഖണ്ഡം ഇവയെല്ലാം കണ്ടുപിടിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം സാമൂഹ്യശാസ്ത്ര അധ്യാപിക |
| പഠന യാത്രകൾ പഠിച്ച കാര്യങ്ങൾ അനുഭവമാക്കുക | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്ര നടത്തുക | വർഷത്തിൽ ഒരു പ്രാവശ്യം എസ് ആർ ജി |

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മലയാളം അക്ഷരം ഉറപ്പിക്കൽ | വായന അക്ഷരക്കാർഡുകൾ ,ചിഹ്നകാർഡുകൾ,ഇവ ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു | എല്ലാ പ്രവർത്തി ദിവസങ്ങളിലും | മലയാളം ടീച്ചർ |
| ഭാഷാശേഷികൾ വികാസം | ക്ലാസ് ലൈബ്രറി ഒരുക്കൽ,പുസ്തകം വിതരണം ചെയ്യൽ, വായനാക്കുറിപ്പ് തയ്യാറാക്കൽ | ദീർഘകാലം | ക്ലാസ് ടീച്ചർ |
| കുട്ടികളുടെ ഭാഷാപരമായ | പതിപ്പ് നിർമ്മാണം | | |

| | | | |
|---|---|---|---|
| ശേഷികൾ വർദ്ധിപ്പിക്കുക | ഭാഷാശേഷി വികസനം<br>സാഹിത്യകാരന്മാർ അവരുടെ വിശേഷദിനങ്ങൾ കൃതികൾ എന്നിവയുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കുക | ദീർഘകാലം | മലയാളം ടീച്ചർ |

# HS
# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 പ്രീടെസ്റ്റ്<br>2 അക്ഷരം ഉറപ്പിക്കൽ<br>3 ചിഹ്നം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5 വാക്കുകൾ എഴുതിയ കാർഡ്<br>6 വാക്കുകൾ നിർമ്മിക്കുക<br>7 വാക്യങ്ങൾ നിർമ്മിക്കൽ<br>8 ചിത്രം അടിക്കുറിപ്പ്<br>9 ചിത്രം കഥ എഴുതൽ<br>10 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം<br>ജൂൺ<br>ജൂലൈ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പിടിഎ<br>അധ്യാപിക |
| കുട്ടിയെ മികച്ച വായനക്കാരാക്കുക | 1 ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2 സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3 സമീപ ഗ്രന്ഥശാല അംഗത്വം<br>4 വായനോൽസവം സംഘടിപ്പിക്കൽ<br>5 പത്രവായന<br>6 പുസ്തക ചർച്ച<br>7 വായനാനുഭവം<br>8 വായനാക്കുറിപ്പ്<br>9 വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10 ദിനാചരണം<br>11 സാഹിത്യകാരൻമായുള്ള അഭിമുഖം<br>12 ആനുകാലിക പ്രസിദ്ധീകരണങ്ങളും | | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ<br>ഇൻറർനെററ്<br>കംപ്യൂട്ടർ | പിടിഎ<br>അധ്യാപിക |

| | | | | |
|---|---|---|---|---|
| | വായനയും<br>13 ആസ്വാദ്യകരമായ വായന<br>14 ഇ-വായന | | | |
| സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | പ്രസംഗ കളരി വിവിധ വിഷയങ്ങൾ നൽകി മികച്ച പ്രവർത്തന പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ പ്രസംഗം എന്നിവ കേൾപ്പിക്കുന്നപ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 2 മാസം<br>ഡിസംബർ-ജനുവരി | ഓഡിയോ -വീഡിയോ | അധ്യാപിക |

## ENGLISH

| | | | |
|---|---|---|---|
| Enhance reading skills | Book reading textual comprehension activities | Once in a week | English teacher |
| Strengthen writing proficiency | Writing poems preparing writeups | In free time during last period | English teacher |
| Build oral communication and listening skills | Discussion forum English story making | Once in a month | English teacher<br>PTA |
| Create opportunities for debate in subjects of social relevance | Conduct debates | once in a term | English teacher<br>SRG |
| Be able to analyse pros and a poem effectively | Role play | In free time during last period | English teacher |
| Use of ICT for development of English language | Give opportunities for watching movies attending conferences related to languages usage in classroom | once in a term | English teacher<br>PTA |

## HINDI

**പൊതുവായ ലക്ഷ്യങ്ങൾ**

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.
- യൂണിറ്റിൽ നിന്നും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പുവരുത്തുക
- ദിനാചരണങ്ങളിലൂടെ കുട്ടികളുടെ ഭാഷാശേഷി വളർത്തുക
- ഈ ക്ലബ് ഹിന്ദി പ്രവർത്തനങ്ങൾ സജീവമായി നടത്തുക
- എസ്എസ്എൽസി പരീക്ഷയിൽ എല്ലാ കുട്ടികൾക്കും ഉന്നത വിജയം ലഭിക്കും വിധം കുട്ടികളെ ഉയർന്ന നിലവാരത്തിൽ എത്തിക്കുക

**5 മുതൽ 8 വരെയുള്ള ക്ളാസ്സുകൾ**

**ലക്ഷ്യങ്ങൾ**

- അക്ഷരങ്ങൾ ,ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു
- ഉച്ചാരണം പരിചയപ്പെടുത്തുന്നു
- അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.
- എണ്ണങ്ങൾ മാസങ്ങൾ ദിവസങ്ങൾ എന്നിവയുടെ പേരുകൾ പരിചയപ്പെടുത്തുന്നു .
- നിറങ്ങൾ പക്ഷികൾ മൃഗങ്ങൾ പൂക്കൾ വിവിധ ഉപകരണങ്ങൾ എന്നിവയുടെ പേരുകൾ പഠിപ്പിക്കുന്നു.
- ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു .
- സമയാധിഷ്ഠിതമായി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു.
- ഐസിടി സാധ്യതയിലൂടെയുള്ള പഠനം ഉറപ്പാക്കുന്നു .

**പ്രവർത്തനങ്ങൾ**

- **അക്ഷരമാല ചാർട്ട് ക്ലാസിൽ പ്രദർശിപ്പിക്കുന്നു**
- **അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു**
- **കുട്ടികൾക്ക് അക്ഷരങ്ങൾ ഉറക്കെ വായിക്കാൻ അവസരങ്ങൾ നൽകുന്നു**
- **വർക്കഷീറ്റുകൾ നൽകുന്നു**
- **ക്ലാസിലെ ഓരോ വിദ്യാർത്ഥികളുടെയും പേര്,വീട്ടുപേര്,ജനനത്തീയതി ,സ്ഥലം എന്നിവ ഹിന്ദിയിൽ എഴുതാൻ പറയുന്നു**
- **ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു**
- **പോസ്റ്റർ നിർമ്മാണം പ്രസംഗം പദ്യം ചൊല്ലൽ കഥാരചന കവിതാരചന വായനാ മത്സരം കയ്യെഴുത്ത് മത്സരം ഉപന്യാസരചന എന്നിവ നടത്തുന്നു**
- **പ്രൊജക്ട്,അസൈൻമെൻറ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു**
- **ഓരോ ആഴ്ചയിലും നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു വിശേഷണം കാലം സർവ്വനാമം എന്നിവ പഠിപ്പിക്കുന്നു**

**കാലയളവ്**

**ജൂൺ മുതൽ ഫെബ്രുവരി വരെ**

**ചുമതല**

**ഹിന്ദി അധ്യാപിക**

**ഒമ്പതാം ക്ലാസ്**

**ലക്ഷ്യങ്ങൾ**

- **എഴുതുവാനും വായിക്കാനും വാക്കുകൾ ഉണ്ടാക്കുവാനും ചെറിയ ചെറിയ വാക്കുകൾ എഴുതുവാനും പരിശീലിപ്പിക്കുന്നു (പഠനപിന്നോക്കാവസ്ഥ അനുഭവപ്പെടുന്നവർക്ക്)**

ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു

- സർവ്വനാമം വിശേഷണം എന്ന് വ്യാകരണ ഭാഗങ്ങൾ പഠിപ്പിക്കുന്നു
- ദിനാചരണങ്ങൾ നടത്തുന്നു
- പോസ്റ്റർ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു
- കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ പഠിപ്പിക്കുന്നു
- ഐസിടി ഉപയോഗിച്ചുള്ള ഫലപ്രദമായ ഹിന്ദി ക്ലാസുകൾ നൽകുന്നു

- ഹിന്ദി കവിതകൾ തയ്യാറാക്കുന്നു
- പേരുകളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു
- ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു
- നാമങ്ങളും സർവ്വനാമങ്ങളും വിശേഷണങ്ങളും അടങ്ങിയ ചാർട്ടുകൾ തയ്യാറാക്കുന്നു കവിതാരചന ,കഥാരചന ,പ്രസംഗം ,വായന മത്സരം ,പദ്യം ചൊല്ലൽ ,പോസ്റ്റർ, ഉപന്യാസം ,കയ്യെഴുത്തു മാസിക, നാടകം എന്നിവ നടത്തുന്നു
- പോസ്റ്ററിന്റെ മോഡൽ നൽകുന്നു
- വിവിധ വിഷയങ്ങൾ നൽകി പോസ്റ്റർ ഉണ്ടാക്കാൻ പറയുന്നു
- ചെറിയ ചെറിയ കവിതകളുടെ ആസ്വാദനക്കുറിപ്പുകൾ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നു
- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ നടത്തുന്നു
- പ്രൊജക്റ്റ് ,അസൈൻമെൻറ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു
- ഓരോ ആഴ്ചയിലും മാസത്തിലും നിരന്തരമൂല്യനിർണ്ണയത്തിൻ ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു

കാലയളവ്

ജൂൺ മുതൽ ഫെബ്രുവരി വരെ

ചുമതല

ഹിന്ദി അധ്യാപിക

പത്താം ക്ലാസ്

ലക്ഷ്യങ്ങൾ

- കുട്ടികളുടെ  ആശയവിനിമയ നൈപുണ്യവും ഭാഷയുംമെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു
- ഹിന്ദി വാരാഘോഷം  മികച്ച രീതിയിൽ നടത്തുന്നു
- ഹിന്ദി ദിനാചരണത്തോടൊപ്പം മറ്റ് ദിനാചരണങ്ങളും ഫലപ്രദമായി നടത്തുന്നു
- നാമം വിശേഷണം ,കാലം എന്നീ വ്യാകരണ ഭാഗങ്ങളോടൊപ്പം കത്ത്,ഡയറി ,തിരക്കഥ ,ഉപന്യാസം,ലേഖനം ,പോസ്റ്റർ നിർമ്മാണം, ആസ്വാദനക്കുറിപ്പ്,വാക്യങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നു.
- നിശ്ചിത സമയത്തു തന്നെ പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നു
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പഠനം ഉറപ്പാക്കുന്നു
- സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു

- കവിതാരചന ,കഥാരചന ,പദ്യം ചൊല്ലൽ ,വായനാ മത്സരം ,പ്രസംഗം, പോസ്റ്റർ നിർമ്മാണം ,കയ്യെഴുത്ത് മത്സരം ,നാടകം എന്നിവ സംഘടിപ്പിക്കുന്നു .
- വിവിധയിനം ഡയറി ,കത്ത് ,തിരക്കഥ ,പോസ്റ്റർ ,ആസ്വാദനക്കുറിപ്പ് എന്നിവ നൽകുന്നു
- കുട്ടികൾ പതിപ്പുകൾ തയ്യാറാക്കുന്നു
- നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി പരീക്ഷ നടത്തുന്നു
- എസ്എസ്എൽസി പരീക്ഷക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു

കാലയളവ്

ജൂൺ ഫെബ്രുവരി

ചുമതല

ഹിന്ദി അധ്യാപിക

# BIOLOGY

| ലക്ഷ്യം | പ്രവർത്തനം | കാലം,ചുമതല,സാമ്പത്തികം |
|---|---|---|
| പ്രശ്നപരിഹാരം ,നിഗമനം ,നിരീക്ഷണ പാടവം,ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ തുടങ്ങിയ ശേഷികൾ വർദ്ധിപ്പിക്കൽ | പട്ടികകൾ പൂർത്തിയാക്കൽ സയൻസ് ലാബ് പരീക്ഷണങ്ങൾ ഐസിടി സാധ്യത ഉപയോഗം | പ്രതിദിനം<br>വ്യക്തിഗതം |
| ശാസ്ത്ര ബോധം വളർത്തൽ | ദിനാചരണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | വ്യക്തിഗതം<br>സയൻസ് ക്ലബ്ബ് |
| പ്രകൃതിസ്നേഹവും കാർഷിക സംസ്കാരവും വളർത്തൽ | ഒഴിവുസമയങ്ങളിൽ കൃഷികൾ ചെയ്യാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു കുട്ടികളുടെ കുടുംബാംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മാനസിക ഉല്ലാസവും പ്രകൃതി സ്നേഹവും വളർത്താൻ സാധിക്കുന്നു | വ്യക്തിഗതം |
| ശാസ്ത്ര ലാബ് വീടുകളിൽ സജ്ജമാക്കാൻ | വീടുകളിൽ ലഭ്യമാക്കുന്നഉപകരണങ്ങൾ സാമഗ്രികൾ പ്രയോജനപ്പെടുത്തി പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ രേഖപ്പെടുത്തലുകൾ എന്നിവ സാധ്യമാക്കുന്നു | വ്യക്തിഗതം |

# PHYSICS,CHEMISTRY

| ലക്ഷ്യം | പ്രവർത്തനം | കാലം,ചുമതല,സാമ്പത്തികം |
|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിൻറെ രീതി ജനപക്ഷ ശാസ്ത്രത്തിൻറെ അനിവാര്യത ശാസ്ത്രം ജന നന്മയ്ക്ക് എന്നിവയെ കേന്ദ്രീകരിച്ചുള്ള സംവാദ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന്<br>സയൻസ് ക്ലബ് |
| ശാസ്ത്ര ലാബ് വീടുകളിൽ സജ്ജീകരിക്കൽ | വീടുകളിൽ വച്ച് ലഭ്യമാകുന്ന ഉപകരണങ്ങൾ സാമഗ്രികൾ എന്നിവ പ്രയോജനപ്പെടുത്തി പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ രേഖപ്പെടുത്തലുകൾ | പാഠഭാഗത്തോട് അനുയോജ്യമായി വരുന്നമുറയ്ക്ക്<br>വ്യക്തിഗതം |

| | | |
|---|---|---|
| | സാധ്യമാക്കുന്നു | |
| ശാസ്ത്ര വിജ്ഞാനം പാഠപുസ്തകത്തിൽ നിന്ന് | ശാസ്ത്രതത്വങ്ങൾ ,പ്രപഞ്ച പ്രതിഭാസങ്ങൾ, നിയമങ്ങൾ ,രാസവസ്തുക്കൾ ,പ്രതീകങ്ങൾ, തുടങ്ങിയവ നവമാധ്യമങ്ങൾ ആപ്പുകൾ എത്തുന്ന വഴി ശാസ്ത്രീയ അവബോധം സൃഷ്ടിക്കൽ | പ്രതിദിനം<br>വ്യക്തിഗതം |
| ശാസ്ത്ര അവബോധം വളർത്തൽ | ദിനാചരണങ്ങൾ<br>ജൂലൈ 21 സെപ്റ്റംബർ 16 ഒക്ടോബർ 23 ഡിസംബർ 14 | സയൻസ് ക്ലബ്ബ് |
| പ്രശ്നപരിഹാരം നിഗമനം നിരീക്ഷണ പാടവം<br>ഉപകരണങ്ങൾ<br>കൈകാര്യം ചെയ്യൽ തുടങ്ങിയ ശേഷികൾ വർദ്ധിപ്പിക്കുക | പട്ടികകൾ പൂർത്തിയാക്കൽ<br>സയൻസ് ലാബ് പരീക്ഷണങ്ങൾ<br>ഐസിടി സാധ്യത ഉപയോഗം | പ്രതിദിനം<br>വ്യക്തിഗതം |

## ഗണിതം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം അധ്യാപകർ | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് | പിടിഎ |
| സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | മുന്നോക്കം നിൽക്കുന്ന കുട്ടികൾ അധ്യാപകർ | |
| ഗണിത മത്സര വേദിയിൽ നേട്ടം കൈവരിക്കൽ | ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മേളകളിൽ ഊർജസ്വലത മെച്ചപ്പെടുത്താൻ | മാസത്തിൽ 1 | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| | മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | | | |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | തുടർ പ്രവർത്തനം | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | ഗണിത ക്ലബ്ബ് |

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെൻറ് പാർലമെൻറ് പൗരബോധം സാമൂഹ്യബോധം പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക് വർഷത്തിലെ പ്രത്യേക തെരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപിക | സോഷ്യൽ സയൻസ് ക്ലബ്ബ് |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണനിരീക്ഷണങ്ങൾ വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുക ആകാശക്കാഴ്ചകൾ കൗതുകം എന്നിവ വളർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപിക | സോഷ്യൽ സയൻസ് ക്ലബ്ബ് |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ പ്രൊജക്റ്റ് ചർച്ചകൾ സംവാദ ക്ലാസുകൾ അഭിമുഖം എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | | സാമൂഹ്യശാസ്ത്ര അധ്യാപിക | പിടിഎ |
| ഭൂപട വായന കുട്ടികളിൽ വളർത്തുക . സ്ഥലം നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്ന ഭൂപടവായ പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അറ്റ്ലസ് മാപ്പ് എന്നിവ പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക | സോഷ്യൽ സയൻസ് ക്ലബ്ബ് |

## പ്രീ പ്രൈമറി അക്കാദമിക മാസ്റ്റർ പ്ലാൻ

## പ്രധാന ലക്ഷ്യങ്ങൾ

കുട്ടികളുടെ ആകെ വികാസം ശാരീരികം ബൗദ്ധികം ഭാഷ വൈജ്ഞാനികം ക്രിയാത്മക സർഗാത്മക സൗന്ദര്യാത്മക സാമൂഹിക വൈകാരിക വികാസം കുട്ടികളിൽ ബോധവൽക്കരണം അനുഭവം ഭാഷാ സാധ്യതകൾ വളർത്തുക പഠനം എന്നത് കളിയിലൂടെ രസകരവും അനുഭവസമ്പന്നവും ആയ രീതിയിൽ പരിചയപ്പെടുത്തുക

## പ്രധാന മേഖലകൾ

ഭാഷാ വികസനം ,ശാരീരിക ചാലക വികാസം , വൈജ്ഞാനിക വികാസം,, ക്രിയാത്മക സർഗാത്മക

സൗന്ദര്യത്മക വികാസം ,സാമൂഹിക വൈകാരിക വികാസം .

മാസംപ്രതി

തീം അടിസ്ഥാനമാക്കിയിട്ടുള്ളത്

ജൂൺ

കുടുംബം വീടും പരിസരവും

ജൂലൈ

ഞാനും എൻറെ ശരീരവും ശുചിത്വവും മലയും കാലാവസ്ഥയും സസ്യങ്ങൾ പഴങ്ങൾ

ആഗസ്റ്റ്

ആഹാരം ആഘോഷങ്ങൾ സ്വാതന്ത്ര്യ ദിനം ആരോഗ്യം രോഗങ്ങൾ ആശുപത്രി

സെപ്റ്റംബർ

പൂക്കൾ പൂന്തോട്ടം ശലഭങ്ങൾ ഓണം റംസാൻ പച്ചക്കറികൾ

ഒക്ടോബർ

ഗാന്ധിജയന്തി ജീവികൾ വളർത്തു ജീവികൾ വളർത്തു പക്ഷികൾ വന്യജീവികൾ മണ്ണ് കൃഷി

നവംബർ

തൊഴിൽ ശിശുദിനം പക്ഷികൾ

ഡിസംബർ

പ്രാണികൾ ഇഴജന്തുക്കൾ വസ്ത്രം ക്രിസ്മസ്

ജനുവരി

വാഹനങ്ങൾ എൻറെ ഗ്രാമം പൊതു സ്ഥാപനങ്ങൾ

ഫെബ്രുവരി

കലകൾ പ്രാദേശിക ഉത്സവങ്ങൾ ആകാശം കളികൾ വിനോദങ്ങൾ

മാർച്ച്

വാർത്താവിനിമയം മാധ്യമങ്ങൾ റേഡിയോ ടിവി ഫോൺ പത്രം വെള്ളം പുഴ കടൽ കാട് മരങ്ങൾ

## നന്ദി